## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 549 — 09.07.2012 - ൽ മറുപടിക്ക്

## പുതിയ സർക്കാർ, എയിഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.കെ.ടി.ജലീൽ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.പി.രാമകൃഷ്ണൻ<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പുതുതായി സർക്കാർ സ്കൂളുകളും അൺ എയിഡഡ് സ്കൂളുകളും അനുവദിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (എ) സർക്കാർ ഉത്തരവ് സ.ഉ.(പി)നം.98/ 2012/പൊ.വി. തീയതി. 28.03.2012 പ്രകാരം വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സർക്കാർ സ്കൂളുകൾ തുടങ്ങാൻ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ എയ്ഡഡ് സ്കൂളുകൾ തുടങ്ങുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അൺ എയിഡഡ് സ്കൂളുകളെ എയിഡഡ് ആക്കിയിട്ടുണ്ട്; എത്ര എയിഡഡ് സ്കൂളുകളെ സർക്കാർ സ്കൂളുകളാക്കി യിട്ടുണ്ട്; എത്ര സർക്കാർ സ്കൂളുകളെ എയിഡഡ് സ്കൂളുകളാക്കി; ഇത് ഏതൊക്കെ ജില്ലയിൽ എത്ര വീതം; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അൺ-എയിഡഡ് സ്കൂളുകളെ എയിഡഡ് സ്കൂളുകളോ, എയിഡഡ് സ്കൂളുകളെ സർക്കാർ സ്കൂളുകളോ സർക്കാർ സ്കൂളുകളെ എയിഡഡ് സ്കൂളുകളോ ആക്കി മാറ്റിയിട്ടില്ല. |

(സി) ഇത് ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണോ; അല്ലെങ്കിൽ സ്കൂളുകൾ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡമനുസരി- ച്ചാണ്; ഇതിനായി പ്രതി വർഷം സർക്കാരിന് ഉണ്ടാകുന്ന അധിക ചെലവ് എത്ര; വ്യക്തമാക്കുമോ;

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) എയിഡഡ് സ്കൂളുകൾക്കു വേണ്ടി സർക്കാരിന്റെ മുമ്പാകെ എത്ര അപേക്ഷകളുണ്ട്;

(ഡി) നിലവിൽ അപേക്ഷകളില്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുത്തുന്ന മുറയ്ക്കേ സംസ്ഥാനത്ത് പുതിയ എയിഡഡ് സ്കൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

(ഇ) ഏര്യാ ഇന്റൻസീവ് ഡെവലപ്- മെന്റ് പ്രോഗ്രാമിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വന്ന സ്കൂളുകളുടെ കാര്യത്തിൽ മന്ത്രിസഭ എടുത്ത തീരുമാനം എന്താണ്;

(എഫ്) ഇക്കാര്യത്തിൽ വിദ്യാഭ്യാസ ധനകാര്യ • നിയമവകുപ്പു കളുടെ അഭിപ്രായം എന്തായിരുന്നു; മന്ത്രിസഭാ യോഗത്തിനു ശേഷം മുഖ്യമന്ത്രി ഇക്കാര്യത്തിൽ നടത്തിയ പ്രസ്താവന എന്തായിരുന്നു;

<u>(ഇ) ആന്റ് (എഫ്)</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഏരിയാ ഇന്റൻസീവ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തുടങ്ങിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ 35 സ്കൂളുകൾക്ക് സർക്കാർ നേരിട്ട് അടിസ്ഥാന ശമ്പളം നൽകാൻ ഉത്തരവായ 16.1.2003 മുതൽ എയിഡഡ് പദവി അനുവദിച്ചു നൽകുന്നതിനും ജീവനക്കാരുടെ 16.1.2003 മുതൽ അനുവദനീയമായ ആനുകൂല്യങ്ങൾ പ്രോവിഡണ്ട് ഫണ്ടിൽ നിക്ഷേപിക്കാനും ഉത്തരവ് തീയതി മുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിനുമാണ് മന്ത്രിസഭ മുമ്പാകെ സമർപ്പിച്ച ശുപാർശയിൽ ഉന്നയിച്ചിരുന്നത്. ഈ കാര്യങ്ങൾ തത്വത്തിൽ അംഗീകരിച്ച്

നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തി തരുന്നതിന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിരിക്കയാണ്.

| | | | |
|---|---|---|---|
| (ജി) | ഇതിനുവിരുദ്ധമായി പിന്നീട് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (ജി) | ഇല്ല. ധനകാര്യ വകുപ്പിൽ നിന്നും വിശദവിവരങ്ങൾ കിട്ടിയ ശേഷമേ തുടർന്നുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. |

Sd/-

സെക്ഷൻ ഓഫീസർ.